(എഫ്&ജി) അഡ്വൈസറി ബോർഡ്, കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം നൽകാറില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന കരുതൽ തടങ്കൽ ഉത്തരവുകൾ പരിശോധിച്ച് തടങ്കലിന് മതിയായ കാരണമുണ്ടോ എന്നതു സംബന്ധിച്ച ഉപദേശമാണ് നൽകുന്നത്. കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട 19 കേസുകൾ ഇപ്പോൾ അഡ്വൈസറി ബോർഡിന്റെ പരിഗണനയിലുണ്ട്.

വനിതാ എം.എൽ.എ മാർ നൽകിയ പരാതി

187 (191) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. പ്രദീപ്കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനിതാ എം.എൽ.എ.മാർ തങ്ങൾക്ക് ചിലരിൽനിന്നും മാനസികവും ശാരീരികവുമായുണ്ടായ ദുരനുഭവങ്ങൾ സംബന്ധിച്ച് പോലീസ് മേലധികാരിയ്ക്ക് നൽകിയ പരാതികളിൽ പോലീസ് മേലധികാരി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിൽനിന്നും നിയമോപദേശം തേടുകയുണ്ടായോ ; ലഭിച്ച ഉപദേശം എന്തായിരുന്നു ; ഇത് സുപ്രീംകോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധി പ്രസ്താവങ്ങൾക്ക് എത്രത്തോളം നിരക്കുന്നതാണ്?

ഉത്തരം

(എ&ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു കേസ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലായതിനാൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വനിതാ എം.എൽ.എ. മാരുടെ പരാതികളും ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്. പരാതി സംഗതികൾ നിയമസഭാ സാമാജികർക്കുള്ള പ്രിവിലേജുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ബഹുമാനപ്പെട്ട സ്പീക്കറുടെ കൂടി ആവശ്യമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി ഈ വിഷയം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നതേയുള്ളൂ.

ബാർ കോഴ പ്രശ്നം

188 (192) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബാറുകൾ തുറക്കുന്നതും അടച്ചുപൂട്ടുന്നതും സംബന്ധിച്ച നയങ്ങളുടേയും നടപടികളുടേയും ഭാഗമായി നടന്നതായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തെല്ലാമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly